
# ശ്രീയേശുദേവകീൎത്തനം



*By*

ി. ചന്ദ്രശേഖര വാരിയർ

T 61
W 26

വില: 4ണ

# ശ്രീയേശുദേവകീർത്തനം

★

ഗ്രന്ഥകർത്താ:

**പി. ചന്ദ്രശേഖരവാര്യർ**

അണ്ണല്ലൂർ

DHARMARAM COLLEGE LIBRARY, BANGALORE.
19235
I61
W26

PRINTED AT
UNION PRESS,
MARIAPURAM

1959 4ണ.

# മുഖവുര

ജഗദീശ്വരൻ ജാതിമതാദികൾക്കും ദേശകാലാദികൾക്കും അതീതനാണല്ലോ. ബാഹ്യങ്ങളായ നാമരൂപാചാരങ്ങളിലുള്ള വൈവിധ്യം മേൽപറഞ്ഞ ആന്തരബോധത്തെ നശിപ്പിക്കുന്നതിനിടയാകുന്നപക്ഷം അതൊരു ഭാഗ്യഹീനതയാണ്. പുറംചടങ്ങുകൾകൊണ്ടു വിഭിന്നങ്ങളെങ്കിലും ജഗന്നിയന്താവിനെ പ്രാപിക്കുന്നതിനു മാർഗ്ഗദർശ്ശകങ്ങളായ മൂലതത്വങ്ങളിൽ ഐകരൂപ്യം വ്യക്തമാക്കുന്ന എല്ലാ മതങ്ങളും ആദരണീയങ്ങളെന്നും എല്ലാ മതസ്ഥാപകന്മാരും സമാരാദ്ധ്യന്മാരെന്നും വിശ്വസിക്കുന്നവനാണ് ഞാൻ.

മഹാത്മാവായ ശ്രീയേശുക്രിസ്തുവിൻെറ ജീവിതത്തിലെ ഉജ്ജ്വല ഘട്ടങ്ങളും ആ കാരുണ്യരാശിയുടെ ഉദ്ബോധകങ്ങളായ ഉപദേശങ്ങളും എൻെറ ഹൃദയത്തിൽ ഉണ്ടാക്കിയ ഭക്തിബഹുമാനങ്ങളാണ് ഈ ലഘുകൃതി നിർമ്മിക്കുവാൻ എന്നെ പ്രേരിപ്പിച്ചതു്. പൊതുവേ ആർക്കും, വിശിഷ്യ ക്രൈസ്തവർക്കും ഇതു് ഒരു പ്രാർത്ഥനാഗീതമായി ഉപയോഗപ്പെട്ടുമെന്നു ഞാൻ വിശ്വസിക്കുന്നു.

സ്തോത്രപദ്ധതിയിൽ ഞാൻ മുൻപ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലഘുകൃതികളുടെ അടുത്ത സഹോദരൻ സഹൃദയരായ ഭക്തജനങ്ങളുടെ കൃപ യാചിച്ചുകൊണ്ടു് ഇതാ പുറപ്പെടുന്നു. "ജാതിനാമാദികൾക്കല്ല ഗുണഗണം" എന്നു വിശ്വസിക്കുന്ന നിർമ്മത്സരബുദ്ധികളുടെ സൗമനസ്യവും ഔദാര്യവും ലഭിച്ച് ഈ കുട്ടി വളരട്ടെ.

ഇതിൻെറ കൈയെഴുത്തുകോപ്പി സ്നേഹപൂർവ്വം പരിശോധിച്ച് ആവശ്യമുള്ള നിർദ്ദേശങ്ങൾ തന്ന റവ. ഫാ. ആൻറണി തരകൻ, റവ. ഫാ. എസ്സ്. തേർമഠം എന്നീ മാന്യദേഹങ്ങളോടും, വിലയേറിയ ഒരു അവതാരികകൊണ്ടു് ഇതിനെ ധന്യമാക്കിയ വന്ദ്യവയോധികൻ റവ. ഫാ. ജോസഫ് വിതയത്തിൽ അവർകളോടും എനിക്കുള്ള നിസ്സീമമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

അച്ചടി മുതലായവ ഇത്രയും ഭംഗിയായി നിർവ്വഹിച്ചുതന്ന യൂണിയൻ പ്രസ്സ് ഭാരവാഹികളോടും ഞാൻ നന്ദിയുള്ളവനാണ്.

അങ്കമാലി<br>12-10-1959

ഗ്രന്ഥകർത്താവ്

# അവതാരിക

കവിതാ നിർഝരി സഹൃദയ ഹൃദയങ്ങളിൽ നിന്നും അനസ്യൂതം പ്രവഹിക്കുക എന്നതു് ഒരു സാധാരണ സംഭവമാണു്. പക്ഷേ സഹൃദയത്വം അംഗുലീപരിമിതരായ ചിലക്കു മാത്രം കൈവന്നിട്ടുള്ള ഒരു അനുഗ്രഹീത സമ്പത്താണു്. സംസ്കൃത, മലയാള, ഹിന്ദീ സാഹിത്യത്തുറകളിൽ അപാരമായ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള പി. ചന്ദ്രശേഖരവാര്യർ കൈരളീകണ്ഠത്തിലാദ്യമായി അർപ്പിച്ചതായിരിക്കയില്ല ഈ ശ്രീയേശുദേവകീർത്തനം. പൊതുജനരംഗത്തേയ്ക്കു വലംകാൽവെച്ചിറങ്ങുന്ന ഈ ചെറുകൃതി സ്വായത്തമായ ഒരു പുതുമയുടെ പുതുപ്പൂഞ്ചിരി എമ്പാടും വർഷിക്കുകയാണു്.

ഈ കാവ്യസൂനപ്രണേതാവിൻെറ വിപുലമായ വിജ്ഞാനസമ്പത്തിൻെറ സാരസത്താണു് ഈ കവിത. വിവിധമതതത്വങ്ങൾ കൂലങ്കഷമായി പരിശോധിച്ച സാന്മാർഗ്ഗിക തത്വങ്ങളെ മുറുകെ പിടിക്കുന്ന ഒരു സുധീര മനസ്സു് ഈ പദ്യശകലത്തിനു പിന്നിൽ ഉജ്വലിക്കുന്നതു കാണാം. ഹിന്ദുമതത്തിൻെറ തത്വസംഹിതകളിൽ പദമൂന്നിയിരിക്കുന്ന ഈ കവിതാകൃത്തു് ക്രിസ്തുവിൻെറ പാവനചരിതവും മോഹനസന്ദേശങ്ങളും അതിശയോക്തി ലേശമെന്യേ ചിത്രണം ചെയ്യുകയാണ്. ഭക്തിവധുവിൻേറയും കവിതാകാമിനിയുടേയും ഗാഢസംശ്ലേഷത്താൽ പരിപൂതമായ ഈ കാവ്യത്തേനൊഴുക്കിനു ഭൌതിക ലഹരി കുറയും. കീർത്തനശ്ലോകങ്ങളുടെ സ്ഥാനം വഹിക്കുന്ന ശ്രീയേശുദേവകീർത്തനത്തിൽ അഭികാമ്യമായ ഒന്നുണ്ടു്__കവിയുടെ യാചനാവീചികൾ. മനുഷ്യത്വത്തിൻെറ അപാകതകൾ തേച്ചുതുടച്ചു വെണ്മപൂശുവാൻ ഒരോ കീർത്തനങ്ങളുടെയും അന്ത്യപാദങ്ങളിൽ കവിഹൃത്തു് വെമ്പൽകൊള്ളുന്നു.

ക്രിസ്തുവിൻെറ ഉപദേശസംഹിതകൾ കവിഹൃദയത്തിൽ ആഞ്ഞടിച്ചപ്പോൾ കേൾക്കുന്ന മാറെറാലിയാണു് അനുബന്ധം.

ഗഹനങ്ങളായ തത്വങ്ങൾ ലളിതമായി വിന്യസിക്കുവാൻ ഇതിൽ ആമൂലാഗ്രം ശ്രദ്ധവെച്ചിട്ടുണ്ട്. സഹൃദയത്തിനിണങ്ങുന്ന വിഷയങ്ങളെക്കുറിച്ചു വർണ്ണിച്ചുകൊണ്ടു കാവ്യമലക്കാവിലേയ്ക്കിറങ്ങുന്ന കവിയശഃപ്രാർത്ഥികൾ ശുഭമായ ഒരു ഭാവിയിലേയ്ക്കു നീങ്ങുകയാണ്. ആ നിലയിൽ ശ്രീമാൻ വാര്യരുടെ പരിശ്രമം അത്യധികം ഉചിതമാണെന്നു പറയണം. അതിനാൽ ശ്രീയേശുദേവകീർത്തനകർത്താവിൽ നിന്നു കൈരളീദേവിക്ക് ആസന്നഭാവിയിൽ സഹൃദയഹൃദയോല്ലീപകങ്ങളായ നിരവധി ഗാനങ്ങൾ നിർഗ്ഗളിക്കട്ടെ എന്നും അദ്ദേഹത്തിൻെറ കാവ്യയശസ്സ് ഫലാഢ്യമായി കാണപ്പെടട്ടെ എന്നും പ്രാർത്ഥിച്ചുകൊണ്ട് ഈ ഗ്രന്ഥം സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

കുഴിക്കാട്ടുശ്ശേരി
12—10—'59

**ഫാദർ ജോസഫ് വിതയത്തിൽ**

## ശുദ്ധിപത്രം

★

| *പുറം* | *വരി* | *അശുദ്ധം* | *ശുദ്ധം* |
|---|---|---|---|
| 1 | 11 | മറിയത്തിൻ | മറിയത്തിൽ |
| 9 | 25 | ഈശോ | ഈശാ |
| 11 | 3 | എന്തന്നാൽ | എന്തെന്നാൽ |
| ,, | 7 | സഹോദരനോട് | സോദരനോട |
| ,, | 11 | ശത്രുവായ | ശത്രുവായ് |
| 12 | 7 | കേട്ടിടവാൻ | കേട്ടീടവാൻ |

# ശ്രീയേശുദേവകീർത്തനം

1 ക്രിസ്തുവേ, യേശുമിശിഹായേ, ഞങ്ങളാൽ
നിത്യവും വാഴ്ത്തപ്പെട്ടുന്നവനേ,
രണ്ടായിരഃത്താളം കൊല്ലങ്ങൾക്കപ്പുറ–
മുണ്ടായുയന്നു മറഞ്ഞവനേ,
പുണ്യവാൻ ദാവീദു മബ്രഹാമും ജനി–
ച്ചുന്നതമിസ്രായേൽ വംശത്തിങ്കൽ
സർവ്വേകനാഥനാം ദൈവത്തിൻ പുത്രനായ്
ദിവ്യമാം ഗർഭത്തിൽ വന്നവനേ,
ആ നസറേത്തിലെത്തച്ചനാം യൗസേപ്പിൻ
മാനസാകർഷണം ചെയ്യുവളിൽ—
പുണ്യവതിയായ കന്യാമറിയത്തിൻ—
ഉണ്ണിയായ് വന്നു പിറന്നവനേ,
ചേലൊത്ത ബാലനായ് പാതിരാവേളയിൽ
കാലിത്തൊഴുത്തിൽ ജനിച്ചവനേ,
താരത്തിൻ സൂചന കണ്ടറിഞ്ഞെത്തിയ
പൗരസ്ത്യ പ്രപണ്ഡിതർ കൂപ്പിയോനേ,
ഈശനേ, രക്ഷിതാവെന്നർത്ഥമുള്ളോരു
യേശുനാമത്തെദ്ധരിച്ചവനേ,
ഗർഭാഭിഷിക്തനാം രാജൻ, മിശിഹായെ–
ന്നൽപ്പുത്തിനാമവും പൂണ്ടവനേ,
താതമാതാക്കളാലാ യഹൂദാധിപ–
ഭീതിയിൽനിന്നുമകന്നുമാറാൻ

ബെത്‌ലേഹം പട്ടണം കൈവെടിഞ്ഞീജിപ്തി_
ലെത്തിക്കപ്പെട്ടു വളൎന്നവനേ,
നിന്നുടെയത്ഭുത ജ്യോതിസ്സിൻ രശ്മിക–
ളെന്നുള്ളിലെന്നും വിളങ്ങണമേ.

2 വിദ്യകളൊക്കെയുമത്ഭുതജ്ഞാനവും
ബുദ്ധിയിൽ വന്നു തെളിഞ്ഞ നാഥാ
ന്യായങ്ങൾ ചൊല്ലിയടുത്ത മതാധിപ_
രായ പുരോഹിതന്മാരെയെല്ലാം
ബാലനായ് വാണ നാളേകനായ് സംവാദ_
ലീലകളാലേ ജയിച്ചവനേ,
തത്വമെഴും നിൻമഹത്വമറിയുവാൻ
ബുദ്ധിയെനിക്കു തരേണമേ നീ.

3 സ്ഥൂലമാം ദൃഷ്ടിയിൽ നാനാ പദാൎത്ഥങ്ങൾ
ചേലായ് മരത്താൽ ചമച്ചിടുമ്പോൾ
ആവതും സൂക്ഷ്മമായ് മന്നിൽ മനസ്സിനാൽ
ദൈവരാജ്യത്തെപ്പണിതവനേ,
ഭൗതികമഗ്നനാമെൻമനം ദൈവിക_
ഭൂതിയിലുത്സുകമാക്കണേ നീ.

4 "പാപങ്ങളേറ്റു പറയുകിലപ്പശ്ചാ_
ത്താപം മനസ്സിനു ശുദ്ധി നൽകും
പാരിലവൎക്കുണ്ടു സ്വൎഗ്ഗം; വിശുദ്ധിക്കു
നീരിൽ മുഴുകുവിൻ" എന്നുരച്ചോ
സാനന്ദം യോഹന്നാൻ സ്നാപകനിൽനിന്നു
ജ്ഞാനസ്നാനം തങ്കലേറ്റവനേ,
താവക കാരുണ്യപുണ്യനദിയിലെൻ
ജീവിതം പാവിതമാക്കണേ നീ.
പ്രാവിൻ വടിവെഴുമാത്മചൈതന്യത്താ–
ലാവിഷ്ടനായിത്തെളിഞ്ഞ നാഥാ,

എൻമനം തന്നിൽ നിന്നാവേശമുണ്ടായെൻ
ജന്മം ജയിപ്പിച്ചരുളണേ നീ.

5 കാനനസീമയിൽ നാല്പതു നാളുകൾ
ധ്യാനനിരതനായ് നിശ്ചലനായ്
ഭക്ഷണമില്ലാതിരുന്നു തൻ മാനസ_
ശിക്ഷണംചെയ്തു വസിച്ചവനേ,
സാത്താനിൽനിന്നുമുയർന്ന പരീക്ഷണ_
ചോദ്യങ്ങൾ തൻനേർക്കു പാഞ്ഞടുക്കെ
തക്ക മറുപടി കൂസാതെ നൽകിത്ത_
ന്നുൾക്കനം കാട്ടിജ്ജയിച്ച നാഥാ,
പോരിടാനെത്തിടും തിന്മയോടെൻമനം
നേരിടാൻ കെല്പെനിക്കേകണേ നീ.

6 ഭൂമിയിൽ മത്സ്യം പിടിച്ചു നടന്നൊരു
ശിമോൻ തുടങ്ങിയ മൂന്നുപേരെ
സ്വർഗ്ഗരാജ്യത്തിലേയ്ക്കാളെപ്പിടിക്കുവാൻ
തക്ക ശിഷ്യോത്തമരാക്കിയോനേ,
ഭോഗങ്ങൾ തേടുമെൻ പഞ്ചേന്ദ്രിയങ്ങളെ
യോഗസന്നദ്ധങ്ങളാക്കണേ നീ.

7 കാനാദേശത്തിലെക്കല്യാണ വീട്ടിലെ_
പ്പാനീയം തീർന്നു കുഴങ്ങിയപ്പോൾ
ആറു കൽത്തൊട്ടിയിൽ കോരി നിറച്ചൊരു
നീരൊക്കെ വീഞ്ഞാക്കി മാററിയോനേ,
നിൻമടിത്തട്ടിലേയ്ക്കെത്താൻ ശ്രമിക്കുമെ_
ന്നാത്മീയദാഹത്തെത്തീർക്കണേ നീ.

8 അന്നൊരുനാളിൽ യരുശലേം പള്ളിയിൽ
ചെന്നു പെസഹാപ്പെരുനാളിനായ്
ആരാധനയേക്കാൾ മുഖ്യമായ് ചുററിലു_
മോരോരോ വാണിജ്യക്കോപ്പു കാൺകെ

ധീരനായ് പെട്ടെന്നാ മാലിന്യമൊക്കെയും
ദൂരെയകററിയ മംഗളാത്മൻ,
എൻമനോവീഥിയിൽ വന്നടിഞ്ഞീടുന്ന
തിന്മകൾ നീക്കിത്തുണയ്ക്കണേ നീ.

9 വേനലിലുച്ചയ്ക്കു കത്തും വെയിലത്തു
ദീനനായ് ദാഹിച്ചു സഞ്ചരിക്കെ,
കയ്യിൽ ജലവുമായ് പോകും ശമര്യയാം
തയ്യലാളോടതു ചോദിച്ചപ്പോൾ
ജാതിയിൽ താഴ്ന്നവളാണെന്ന കാരണ_
മോതിത്തടഞ്ഞൊരു പെൺകൊടിയെ
വേദോപദേശത്താൽ വിജ്ഞയും ശുദ്ധയും
മോദസമ്പന്നയുമാക്കിയോനേ,
ഭ്രഷ്ടരാം പാപികളായവരോടൊത്തു
മൃഷ്ടമായഷ്ടി കഴിച്ചവനേ,
വർഗ്ഗമാത്സര്യവിഷത്തിൽ മുഴുകുമെ_
ന്നുൾക്കളമുദ്ധരിക്കേണമേ നീ.

10 കുഷ്ഠരോഗാർത്തരെ തൃക്കരത്താരിനാൽ
തൊട്ടു താൻ രോഗമില്ലായ്മചെയ്തും,
ശോകം പലരിലും ചേർത്ത ഭൂതങ്ങളെ
മൂകങ്ങളാക്കിപ്പിരിച്ചയച്ചും,
ദൂരസ്ഥരായുള്ള രോഗികൾക്കും കൃപ_
പൂരം മൊഴിയാൽ സുഖം കൊടുത്തും,
പിൻതുടർന്നെത്തിടുമന്ധർക്കു ജീവിതം
ബന്ധുരമാക്കും മിഴികൾ ചേർത്തും,
ജീവൻ വെടിഞ്ഞ ശിശുക്കളെപ്പിന്നെയും
ജീവനോടമ്മമാർക്കായ് കൊടുത്തും,
മണ്ണിൽ മറഞ്ഞുകഴിഞ്ഞു ദിവസങ്ങൾ
പിന്നിട്ടവർക്കുമുയിർകൊടുത്തും

നാനാജനങ്ങൾക്കമത്ഭുതശക്തിയാ_
ലാനന്ദമേകിയ ദീനബന്ധോ,
എത്തിപ്പിടിച്ചു ഞെരുക്കും പിശാചിൻെറ
കുത്തിൽ നിന്നെന്നെത്തുണയ്ക്കണേ നീ.

11 തൻമതം തന്നിൽ തറഞ്ഞു കിടന്നൊരു
തിന്മകളോരോന്നു കാൺകയാലേ
ഭവ്യമുയത്ത്നു നന്മകൾ ചേത്തു
നവ്യവും ശുദ്ധവുമാക്കിയോനേ,
ചുററിപ്പലസ്തീൻ മുഴവൻ മതത്തിൻെറ
തത്വങ്ങൾ ചൊല്ലി നടന്നവനേ,
"ദൈവം പിതാവും മനുഷ്യർ നാം മക്കളും;
സവ്വരും സോദരീസോദരന്മാർ;
സ്നേഹത്തിൽനിന്നെഴും ത്യാഗമേ പാവനം;
സ്നേഹമാണീശ്വരൻ, ത്യാഗമീ ഞാൻ;
സ്നേഹിപ്പിനന്യോന്യം" എന്നുള്ള തത്വങ്ങൾ
സ്നേഹത്തിൽക്കൂടിച്ചൊരിഞ്ഞ നാഥാ,
ഐക്യവും സ്നേഹവും ഞങ്ങൾ പരസ്പരം
കൈക്കൊൾവതിന്നിടയാക്കണേ നീ.

12 വിശ്രുതവേശ്യയായ് തീന്ന മറിയവും
പശ്ചാത്തപിച്ചു നിൻ കാൽ പിടിക്കെ,
ചിത്തമലിഞ്ഞു വിശുദ്ധോപദേശത്താൽ
നിത്യനിവ്വാണം കൊടുത്ത നാഥാ,
കുററങ്ങളേററു പറയുന്ന ഞങ്ങൾ തൻ
തെററുകളെല്ലാം പൊറുക്കണേ നീ.

13 അക്കരെയ്ക്കെത്തുവാൻ കേറിയ വഞ്ചികൾ
മുക്കുവാനോങ്ങി പ്രകൃതി നിൽക്കെ
തോണിമറിയുമെന്നാധിയാൽ വാവിട്ടു
കേണിടും ശിഷ്യർ കുഴങ്ങിയപ്പോൾ

കാററും കനമെഴുമോളവുമാജ്ഞയാൽ
മാററി നിൻ മാർഗ്ഗം കടന്നാവനേ,
ഗർവ്വിനാൽ മാനസവഞ്ചി മറിക്കുമെൻ
ദുർവ്വാസനക്കാററകററണേ നീ.

14 അഞ്ചപ്പംകൊണ്ടു വയറു നിറയുമാ—
റയ്യായിരംപേർക്കു നൽകിയോനേ,
അന്നന്നു ഞങ്ങൾക്കു തന്നിടുമപ്പത്തെ
ഇന്നും തരേണമേ തമ്പുരാനേ!

15 വൻതിരമാലകൾ കണ്ടു ഭയത്തിനാ_
ലന്ധരായ് ശിഷ്യർ നിലവിളിക്കെ
പാദങ്ങൾ താഴാതെയാഴിപ്പരപ്പിൻെറ
മീതേ ചവിട്ടി നടന്നവനേ,
ഹന്ത! കുഴങ്ങുമെൻ സംസാരസാഗര_
ബന്ധം വിടുത്തിത്തരേണമേ നീ.

16 "കൈസർ തന്നോഹരി കൈസർക്കു നൽകുവിൻ
ദൈവത്തിനുള്ളതു ദൈവത്തിനും"
ദുർഘടമായ പരീശർതൻ ചോദ്യത്തി—
നിക്കണക്കുത്തരമേകിയോനേ,
നീതിബോധത്തിനാലാദരണീയമാ_
യോതുവാൻ ചാതുര്യമേകണേ നീ.

17 ആപത്തടുത്തു തനിക്കെന്നതുൾക്കണ്ണാം
ദീപത്തിൽ കണ്ടു പറഞ്ഞ നാഥാ,
പാവന ബോധം വളർത്താനുതകിടും
ഭാവനയെന്നിൽ വിടർത്തണേ നീ.

18 നന്മചൊരിയുന്ന നിൻ തിരുവായ്മൊഴി
തിന്മയെന്നെണ്ണിയ പാമരന്മാർ
ആഹാ! യഹൂദപുരോഹിതന്മാർ വെറും
മോഹത്തിൽ മുങ്ങി നിൻ വൈരികളായ്.

DHARMARAM COLLEGE BANGALORE 19735

ആ വശം ചാരിയ മൂഢപരീശന്മാ_
രേവരും നിന്നിലവിശ്വസിക്കെ
നെഞ്ചലിവോടതു കണ്ടു ഗംഭീരമാം
പുഞ്ചിരി മാത്രം പൊഴിച്ചവനേ,
ചെയ്യരുതാത്തതു ചെയ്യാപ്പതിനെൻെറ
മെയ്യിൽ വിലങ്ങിട്ടു നിർത്തണേ നീ.

19 സാരജ്ഞനാകിലും ദുഷ്ടപുരോഹിത_
പ്രേരണാശക്തിക്കു കീഴടങ്ങി
താവകദേഹം കുരിശിൽ തറയ്ക്കുവാൻ
ആ വിധികർത്താവു നിശ്ചയിക്കെ,
ബന്ധിക്കാൻ വന്നവർ മോഹിച്ചു വീഴവേ
സ്വന്തമാം സമ്മതമേകിയോനേ,
ചെയ്തിടേണ്ടുന്നതു ചെയ്യുവാനെന്നുടെ
മെയ്യിലുണർവ്വു വരുത്തണേ നീ.

20 ശത്രുക്കൾ ചെയ്തോരു ഹാസവും ശിക്ഷയും
ചിത്തമലിഞ്ഞു ക്ഷമിച്ചവനേ,
ഞങ്ങളുമന്യർതൻ കുററം മറക്കുവാൻ
തിങ്ങിടുമൗദാര്യമേകണേ നീ.

21 കാൽവരിക്കുന്നിൽ കടുത്ത കുരിശിലാ_
ക്കാൽവരെച്ചോരയിൽ മുങ്ങിനിൽക്കെ,
കൈകൾ പരത്തിയനുഗ്രഹിച്ചാറേഴ
കൈവല്യസൂക്തം പൊഴിച്ച നാഥാ,
ആവതും നല്ല വാക്കോതുവാനെന്നുടെ
നാവു വഴങ്ങുമാറാക്കണേ നീ.

22 ആണി തറച്ചു കുരിശിൽ കിടന്നു തൻ
പ്രാണൻ പിടയുന്ന വേളയിലും
"മൂഢതകൊണ്ടിവർ ചെയ്യുന്ന തെററുകൾ
നാഥാ, പിതാവേ! പൊറുക്കണേ നീ"
ഈവിധമത്ഭുതപ്പൊൻതിരുവായ്മൊഴി
തൂവിക്കനിവു പൊഴിച്ചവനേ,

നീരസമററ വിശുദ്ധമാം സ്നേഹമെൻ
വൈരിയിൽപോലുമെനിക്കുദിക്കാൻ
അന്യരെ സ്സോദരരെന്നു നിനയ്ക്കുവാ_
നെന്നുടെയുള്ളമൊരുക്കണേ നീ.

23 ഇക്കണ്ട ലോകങ്ങൾ താങ്ങും തലയിലാ
മുൾക്കിരീടം ചൂടി നിന്നവനേ,
ദുഃഖങ്ങളെല്ലാം സഹിക്കുവാനുള്ളൊരു
ശക്തിയെനിക്കു തരേണമേ നീ.

24 പാരിച്ച വേദനയെല്ലാം സഹിച്ചതു
കാരുണ്യംകൊണ്ടു കഴുകിഃയോനേ,
ഭള്ളും പ്രതികാരബുദ്ധിയും തീർത്തെൻറ_
യുള്ളം ക്ഷമിക്കുന്നതാക്കണേ നീ.

25 അക്കാഴ്ച കണ്ടൊരു യാമം മുഴുവനും
അർക്കനും കൂടി മറഞ്ഞു നിൽക്കെ
ദാഹം കെടുപ്പാൻ പുളിച്ച മദ്യം കുടി_
ച്ചൈഹികബന്ധം മുറിച്ച നാഥാ,
എൻ ജീവിതാന്ത്യമനായാസമാകുവാൻ
മഞ്ജുളം നിൻകൃപയേകണേ നീ.

26 പാറകൾ പൊട്ടിപ്പിളരവേ, മേദിനി
പാരം വിറച്ചു കുലുങ്ങിനിൽക്കെ,
പള്ളിത്തിരശ്ശീല കീറവേ, യാശ്ശവ-
ക്കല്ലറയെല്ലാം തുറന്നുപോകെ,
മൺമറഞ്ഞുള്ള വിശുദ്ധരെപ്പിന്നെയും
കൺമുമ്പിലാപ്രദേശത്തു കാൺകെ,
തങ്ങൾതൻ ചെയ്തിയിൽ പശ്ചാത്തപിച്ചുകൊ-
ണ്ടങ്ങെഴും ലോകർ മിഴിച്ചുനിൽക്കെ,
മുററം ഫലപ്രദമായി തൻ ജീവിത_
കൃത്യമെന്നോർത്തു തെളിഞ്ഞ നാഥാ,

നിന്നുടെ രാജ്യം വരേണമേ, നിത്യവും
മന്നിലെപ്പാപികൾ ശുദ്ധരാവാൻ.

27 മണ്ണിൽ മറഞ്ഞതിൻ മൂന്നാം പ്രഭാതത്തിൽ
മന്നിടമാകെക്കുലുങ്ങിയപ്പോൾ
കല്ലറക്കല്ലുകൾ ദൈവദൂതർ വന്നു
മെല്ലവേ മാററിത്തുറന്നു വെച്ചു,
ഭവ്യനായ്ത്തന്നെയുയിത്തെഴുന്നേററു തൻ
ദിവ്യത മുററും പ്രകടമാക്കി
തന്നുടെ ശിഷ്യരെയെല്ലാം വിളിച്ചു ത_
ന്നാശ്വസന്ദേശം കൊടുത്ത നാഥാ,
മുട്ടിവിളിക്കുന്ന ഞങ്ങൾക്കു നിൻവാതിൽ
മുററും തുറന്നു തരേണമേ നീ.

28 നാല്പതു നാൾകൂടിയാവിധം ശോഭിച്ചു
ചില്പുരുഷങ്കലണഞ്ഞവനേ,
സ്വർഗ്ഗസ്ഥനാകും പിതാവിൻ വലത്തുപാ–
ടക്കനു തുല്യം ലസിപ്പവനേ,
നിൻകീത്തി വാഴ്ത്തുന്ന ദൂതരോടൊന്നിച്ചു
ഞങ്ങളും വാഴ്ത്താൻ കനിയണേ നീ.

29 മത്ത്യന്റെ പാപങ്ങൾ മായ്ച്ചുകളയുവാൻ
മന്നിടംതന്നിൽ പിറന്ന നാഥാ,
ഞങ്ങളെ ബന്ധിച്ചു തിങ്ങുന്ന പാപമാം
ചങ്ങലയെല്ലാമറുക്കണേ നീ.

30 ദീനക്കു ജീവനായ് പാവനജീവിത_
മാനന്ദപൂർവ്വം നയിച്ചവനേ,
ഈശോ, പരീക്ഷയിൽ വീഴ്ത്താതെ ഞങ്ങളെ
ദോഷത്തിൽനിന്നുമകററണേ നീ

31 ധർമ്മോപദേശത്താലുള്ളിലും മെയ്യിലും
ശർമ്മം ജനങ്ങൾക്കതിത്തവനേ,

ആധിയും ഭീതിയുമജ്ഞാനബാധയും
വ്യാധിയും ഭൂതവും തീർത്തവനേ,
തെററിപ്പിഴച്ചു കുഞ്ഞാടുകൾപോലിതാ
മുററുമീയേഴകളായ ഞങ്ങൾ
കല്പനലംഘിച്ചു നിൻവഴി കൈവിട്ടു
കഷ്ടതയേററു കറങ്ങിടുന്നു
ഞങ്ങൾക്കുടയവനാകുമിടയനേ,
നിൻകാൽക്കലെത്തിക്ക ഞങ്ങളേയും.

32 ലോകത്തിൻ ദുഃഖം കളയുവാനായിട്ടു
ശോകങ്ങളെല്ലാം സഹിച്ചവനേ,
അന്യർക്കു വേണ്ടിയെൻ ജീവിതമർപ്പിക്കാ—
നെന്നെയൊരുക്കണേ ലോകബന്ധോ!

33 ഞങ്ങൾതൻകുററം പൊറുത്തു ദിവസവും
ഞങ്ങൾക്കിടയനായ് നിൽക്കുവോനേ,
ചെയ്തികളൊക്കെയും നിങ്കൽ തുടങ്ങാനും
ചെയ്തു വഴിപോലെ തീർക്കുവാനും
നിൻ നാമമെന്നും മഹത്വപ്പെടുത്താനും
നിന്നോടുകൂടി ലയിക്കുവാനും
ഞങ്ങൾതൻ പാപം നിറഞ്ഞ ഹൃദയങ്ങൾ
നിങ്കലേയ്ക്കായിട്ടുയർത്തിടുന്നു
ഒക്കെയും നാഥാ പൊറുത്തു കടാക്ഷിച്ചു
കൈക്കൊണ്ടു ഞങ്ങളെക്കാക്കണേ നീ.

# അനുബന്ധം

## (ക്രിസ്തുവിൻെറ ഉപദേശങ്ങൾ)

1 ആൎത്തൻ, ദയാലുവും, ശാന്തശീലൻ, ശുദ്ധ-
ചിത്തനും, ധൎമ്മത്താൽ പീഡിതനും
പൂജ്യരാം ധന്യരാ;ണെന്തെന്നാൽ, സ്വൎഗ്ഗമാം
രാജ്യമവൎക്കുള്ളതാണു നിത്യം.

2 ഹിംസിച്ചിടായ്കതാൻ മുഖ്യമാം നിൻ ധൎമ്മം
ഹിംസയെന്നാൽ വധം മാത്രമല്ല,
നിൻസഹോദരനോടു കോപിച്ചുരപ്പതും
ഹിംസയത്രേ, കൊടും പാപമത്രേ.

3 ദുഷ്ടനായീടും മനുജനെപ്പോലും നിൻ
ശത്രുവായിട്ടു ഗണിച്ചിടൊല്ലാ
ശത്രുവായ നിന്നെ വെറുക്കുന്നവനെയും
മിത്രമായ് സ്നേഹിക്ക നിൻെറ ധൎമ്മം.

4 മൂഢനൊരാൾ നിൻവലത്തേക്കരണത്തു
താഡനം ചെയ്യുകയാണെന്നു വന്നാൽ
നീട്ടുക നീ നിന്നിടത്തേക്കരണവും;
കാട്ടിടായ്കേതും കലുഷഭാവം.

5 ശാപവചസ്സുകൾ നിന്നിൽ ചൊരിയുന്ന
പാപിക്കുമാശിസ്സുരയ്ക്കണം നീ
ഗൎവ്വിനാൽ നിന്നെയപമാനിച്ചീടുന്ന
സൎവ്വൎക്കുമായപേക്ഷിക്കണം നീ.

6 ചിന്തയിൽപോലും വ്യഭിചരിക്കുന്നതു
ഹന്ത! പരിഹാരമററ പാപം.

7 ലോലഹൃദയനായാണയിട്ടോതുന്ന
ശീലം പരിത്യജിച്ചീടണം നീ

8 ആ വലംകൈയൊരാൾക്കേകിയതെന്തെന്ന
കേവലം നിന്നിടംകയ്യുപോലും
ഓരാതിരിക്കണം; ദാനം നടത്തുവ—
താരും പുകഴ്ത്തുവാൻ വേണ്ടിയല്ല

9 അന്യർ കേട്ടിടുവാനല്ല നിൻ പ്രാർത്ഥന
ധന്യനാകാനുള്ള നാട്യമല്ല
ആത്മസംതൃപ്തിക്കായ് നിർവ്യാജം നീ ചെയ്യു—
മാത്മനിവേദനമാണതെന്നും

10 ഭാവനാശുദ്ധികലർന്നുപവാസമായ്
മേവും ദിനങ്ങളിൽ നിന്റെ വക്ത്രം
വാട്ടം വെടിഞ്ഞും, പ്രസന്നമായും, തെല്ലും
കോട്ടമില്ലാതെയും നിൽക്കവേണം

11 മററുള്ള മാനുഷർ നിന്നോടു ചെയ്യുന്ന
തെററുകൾ നീ പൊറുത്തീലയെങ്കിൽ
മുററിടും നിന്നപരാധം പൊറുക്കുവാൻ
ചെററുമലിഞ്ഞിടാ നിന്നിൽ ദൈവം

12 അന്യരിൽനിന്നും നീയാശിക്കും മര്യാദ
തന്നെയവരോടും കാട്ടണം നീ

13 കാലേ താൻ നിൻകണ്ണിൽ തങ്ങിക്കിടക്കുന്ന
കോലിനെ നീക്കിക്കളഞ്ഞുവെന്നാൽ
തർക്കമില്ലന്യന്റെ കണ്ണിലേ മൺതരി
നീക്കിക്കളവാൻ നിനക്കു പററും

14 പാത്രങ്ങൾതൻ പുറം മാത്രം തുടച്ചു നീ
വൃത്തിയാക്കീടുകിൽ കാര്യമില്ല
ഗാത്രം വെടിപ്പുള്ളതാക്കിയാൽ പോര, നിൻ
ചിത്തവും ശുദ്ധമാക്കേണമെന്നും

15 മണ്ണിൽ നീ ദ്രവ്യമായ് നേടിവെച്ചീടായ്ക
വിണ്ണിലായീടണം നിന്റെ നേട്ടം

16 ദൈവത്തോടൊപ്പം ധനത്തെയും സേവിച്ചാൽ
കൈവരാ, രണ്ടും വിഫലമാകും

DHARMARAM COLLEGE BANGALORE 19735

17 ചെററം കടം ബാക്കിവെയ്ക്കൊലാ, വീട്ടാതെ
പററില്ലൊടുക്കത്തേക്കാശുഃപോലും

18 ആവതും തൃപ്തരാം വിത്തപ്രഭുക്കളെ
നീ വിരുന്നുണ്ണാൻ വിളിച്ചിടാതെ
നിത്യദരിദ്രരാമേഴകൾക്കേകണം
ശക്തിപോൽ സൽക്കാരം തക്കനേരം.

19 വീതിയും ഭംഗിയും ചേൎന്നു കുറിയതാം
പാതകൾ തിന്മയിൽ ചെൽവതത്രേ
ദീൎഘമാണെപ്പൊഴും നന്മയിലേയ്ക്കുള്ള
മാൎഗ്ഗമിടുങ്ങിയതാണുതാനും

20 നീയൊരേടത്തു വിരുന്നിനായ് ചെല്ലുകിൽ
കൈയടക്കീടൊലാ മാന്യസ്ഥാനം
നിന്നെ വിളിക്കുംവരേയ്ക്കും ക്ഷമിക്കനീ
നിന്നോക്കാൾ മുന്തിയോർ കാണാം വേറെ

21 തന്നെത്താൻ ഗൎവ്വിച്ചുയരുവോരൊക്കെയും
നിൎണ്ണയം താഴേയ്ക്കു വേഗം പോരും
താനേ വിനീതരായ് താഴുവോരൊക്കെയും
ഉന്നമയത്തപ്പെടും ക്രമത്തിൽ

22 ഇല്ലല്ലോ നാളത്തേയ്ക്കൊന്നുമെൻകയ്യിലെ_
ന്നല്ലലാലാകുലചിത്തനായ് നീ
നന്മകൾ ചെയ്യുവാൻ നമ്മൾക്കു കിട്ടിയ
ജന്മം പഴതേ കളഞ്ഞിടൊല്ലേ
പാടിപ്പറക്കുമീപ്പക്ഷികൾക്കെന്നുമേ
കേടററ ഭക്ഷണം നൽകിടുന്നോൻ
ആ ലോകനാഥൻ നിനക്കും മുടങ്ങാതെ
നാളത്തേയ്ക്കുള്ളതു നൽകുമല്ലോ

23 പ്രാൎത്ഥിച്ചുകൊൾവിൻ, ലഭിച്ചിടും നിശ്ചയം
പേൎത്തുമന്വേഷിപ്പിൻ, കണ്ടുകിട്ടും;
മുട്ടിവിളിക്കുവിനുള്ളഴി, ഞത്തപ്പൊഴേ
തിട്ടം തുറക്കപ്പെടും കവാടം


DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

DC Library
*00019735*
T61 W26

# ശ്രീയേശുദേവകീർത്തനം



*By*

…ി. ചന്ദ്രശേഖര വാരിയർ

വില: 4ണ ന

T 61
W 26

Indic Digital Archive Foundation
gpura.org